മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ലീഡർ വന്നതിനു ശേഷം അങ്ങിനെ ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ.—ഞാൻ വന്നതിനു ശേഷം രണ്ടുമൂന്നുപ്രാവശ്യം അങ്ങിനെ ചെയ്തിട്ടുണ്ട്. നല്ല നികുതിയുള്ള ആളുകൾക്കു കുറെ തലമുറ മറിഞ്ഞാലും വേണ്ടില്ല എന്നു വിചാരിച്ചാണ് ചെയ്തിട്ടുള്ളത്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അങ്ങിനെയല്ലാത്തവർക്കു ചെയ്തുകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ.—ഇല്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—ഈ ഉത്തരവു എപ്പോഴുള്ളതാണ്?

മിസ്റ്റർ കെ. അച്യുതമേനോൻ.—ക ഫാഠ -ൽ.

മിസ്റ്റർ കെ. അയ്യപ്പൻ.—അതു നടപ്പിൽ വരുത്തണമെന്നാണൊ ഗവൺമെൻറിന്റെ ഉദ്ദേശം?

മിസ്റ്റർ കെ. അച്യുതമേനോൻ.—അതെ.

മിസ്റ്റർ കെ. അയ്യപ്പൻ.—അതും ഏതാണ്ട് ഇപ്രകാരമാണോ?

മിസ്റ്റർ കെ. അച്യുതമേനോൻ.—ഇതു മാറിയിട്ടില്ലാത്തതുകൊണ്ട് ഇതനുസരിച്ചതന്നെ വേണമെന്നാണ്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇവരെ സ്ഥിരപ്പെടുത്തീട്ടില്ലെന്നു പറഞ്ഞു. വേറെയും സ്ഥിരപ്പെടുത്താതെ വെച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ.—ആകെ ഡിപ്പാർട്ടുമെൻറിൽനിന്നു അഞ്ചോട്ടമിങ്ങോട്ടും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

മിസ്റ്റർ സി. എ. ഔസേപ്പ്.—ഈ ഉത്തരവു വന്നിട്ടു പ്രജകളിൽ നിന്നും വല്ല ആക്ഷേപങ്ങളും ഉണ്ടായൊ?

മിസ്റ്റർ കെ. അച്യുതമേനോൻ.—നോക്കിയിട്ടില്ല.

മിസ്റ്റർ സി. എ. ഔസേപ്പ്.—ഈ ഉത്തരവു മേലാലും അനുസരിച്ചുപോകുവാൻ വിചാരിക്കുന്നുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ.—എനിയ്ക്കു പറവാൻ സാധിക്കയില്ല. ഉത്തരവു നിലവിൽ ഇരിക്കുന്നുണ്ട്.

Passing of the Village Manual by the clerks of the Diwan Peishkar's office and Taluk office.

60. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താലൂക്ക് ഗുമസ്തന്മാരും ദിവാൻപേഷ്കാരാപ്പീസ് ഗുമസ്തന്മാരും വില്ലേജ് മാനുവൽ പാസ്സാകേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അച്യുതമേനോൻ.—അതെ.

പക്ഷെ ർ൦ ഉദ്യോഗസ്ഥർക്കു മീതെ രമ്പളം വാങ്ങുന്നവർക്ക് മാത്രമേ ആവശ്യമുള്ളൂ.

Mr. George Chakyamuri.—May I know, Sir, who is responsible for drawing up the heading of these questions? I want to know Sir whether it is passing the examination on Village Manual or whether it is passing the Village Manual. I think Sir, that if this heading is intelligible then question No. 58 is more intelligible than this.

LIBRARY ARCHIVES Kerala Legislative Assembly